>> മുഖക്കുറിപ്പ്

# വിശ്വാസ്യത ചോർന്നു പോകുന്ന സി.പി.എം

**പ്രമാദമായ** ലാവലിൻ കേസ് കോടതിയുടെ പരിഗണനയിലാണ്. കുറ്റം ചുമത്തപ്പെട്ടവർ വിചാരണ ചെയ്യപ്പെട്ടിട്ടില്ല. സാക്ഷികൾ വിസ്തരിക്കപ്പെട്ടിട്ടുമില്ല. പക്ഷേ, സി.പി.എമ്മിന്റെ പോളിറ്റ് ബ്യൂറോ ആ കേസിൽ അപ്പീലില്ലാ വിധി പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കുന്നു. 'ലാവലിൻ ഇടപാടിൽ അഴിമതി നടന്നിട്ടില്ല. കേസിൽ പ്രതിചേർക്കപ്പെട്ട മുൻ വൈദ്യുതിമന്ത്രി പിണറായി വിജയൻ കുറ്റക്കാരനുമല്ല. കേസ് കേവലം രാഷ്ട്രീയ പ്രേരിതമാണ്. ലാവലിൻ കേസ് രാഷ്ട്രീയ പ്രേരിതം മാത്രമല്ല, അന്വേഷിക്കപ്പെടേണ്ട ചില ധാർമിക വശങ്ങൾകൂടി അതിലുണ്ട് എന്ന നിലപാട് സ്വീകരിച്ച മുഖ്യമന്ത്രി അച്യുതാനന്ദനാണ് കുറ്റക്കാരൻ' എന്നു കൂടി പി.ബി കണ്ടെത്തിയിരിക്കുന്നു. അദ്ദേഹത്തെ പി.ബിയിൽനിന്ന് പുറത്താക്കുക എന്ന ശിക്ഷ വിധിക്കുകയും ചെയ്തു. അങ്ങനെ ലാവലിൻ കേസിൽ ആദ്യമായി ശിക്ഷിക്കപ്പെട്ട 'പ്രതി' സി.ബി.ഐയുടെ പ്രതിപ്പട്ടികയിലില്ലാത്ത, യഥാർഥ പ്രതികളെ വെളിച്ചത്തുകൊണ്ടുവരാൻ ശ്രമിച്ച അച്യുതാനന്ദനായിത്തീർന്നിരിക്കുന്നു. മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് പുറത്താക്കിയിട്ടില്ല. പി.ബി അംഗമായ ആഭ്യന്തരമന്ത്രിയുടെ കീഴിൽ ഏറെ നിയന്ത്രണങ്ങളുള്ള ഒരു സി.സി അംഗമായ മുഖ്യമന്ത്രിയായി അദ്ദേഹത്തിനു തുടരാം. ഈ രീതിയിലുള്ള അച്യുതാനന്ദൻ മന്ത്രിസഭയുടെ തുടർന്നുള്ള പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് കാണാനിരിക്കുന്നതേയുള്ളൂ. കേരളത്തിൽ ഇതഃപര്യന്തം ഉണ്ടായിട്ടുള്ള ഏതു മുഖ്യമന്ത്രിയേക്കാളുമേറെ 'ജനങ്ങളുടെ മുഖ്യമന്ത്രി' എന്ന അഭിധാനത്തിന് അർഹനായിട്ടുള്ള ഒരു മുഖ്യമന്ത്രിയുടെ ഗതിയാണിതെന്നത് ഏറെ ശ്രദ്ധേയമാകുന്നു.

ലാവലിൻ കേസിനു പിന്നിൽ രാഷ്ട്രീയ താൽപര്യങ്ങളുണ്ടാവാം; പിണറായി-വി.എസ് വടംവലിയുമുണ്ടാവാം. അതൊക്കെ ഉണ്ടായാലും ഇല്ലെങ്കിലും അനിഷേധ്യമായ മറ്റൊരു സത്യമുണ്ട്: ലാവലിൻ ഇടപാടിലൂടെ ദരിദ്ര കേരളത്തിന്റെ ഖജനാവിൽനിന്ന് ശതകോടികൾ നഷ്ടപ്പെട്ടിരിക്കുന്നു. ഈ നഷ്ടത്തിന് ഉത്തരവാദികളാരെന്നറിയാൻ കേരളജനതക്ക് അവകാശമുണ്ട്. അവരെ കണ്ടെത്തി ശിക്ഷിക്കാൻ നീതിന്യായ സ്ഥാപനങ്ങൾക്ക് ബാധ്യതയുമുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ അതിനു ശ്രമം നടത്തുമ്പോൾ സഹകരിക്കുകയാണ് ജനങ്ങളോട് പ്രതിബദ്ധതയുള്ള ആരോപണവിധേയരും അവരുടെ പാർട്ടികളും ചെയ്യേണ്ടത്. അച്യുതാനന്ദൻ മന്ത്രിസഭയിലെ പി.ജെ ജോസഫും കുരുവിളയും ചെയ്തത് അതാണ്. ചോദ്യം ചോദിക്കുന്ന കുട്ടിയെ ക്ലാസ്സിൽനിന്ന് പുറത്താക്കുന്ന മണ്ടൻ അധ്യാപകനെപ്പോലെ, അച്യുതാനന്ദനെ പി.ബിയിൽനിന്ന് പുറത്താക്കി 'പ്രശ്നം പരിഹരിച്ച' പി.ബി സ്വയം സംശയത്തിന്റെ നിഴലിലേക്കിറങ്ങിവന്ന് പരിഹാസ്യമാവുകയാണ് ചെയ്തിരിക്കുന്നത്.

പാർട്ടി സെക്രട്ടറിക്കെതിരെ ഉയർന്ന അഴിമതിയാരോപണത്തോട്, അല്ലെങ്കിൽ പിണറായി-അച്യുതാനന്ദൻ അധികാര വടംവലിയോട് ഉള്ള പാർട്ടി പ്രതികരണം എന്നതിൽ കവിഞ്ഞ മാനങ്ങളുണ്ട് ലാവലിൻ ഇടപാടിൽ സി.പി.എം സ്വീകരിച്ച ഔദ്യോഗിക നിലപാടിന്. പാർട്ടി നേരിടുന്ന പ്രത്യയശാസ്ത്രപരമായ തകർച്ചയുടെയും ധാർമികാധപതനത്തിന്റെയും സൂചകം കൂടിയാണത്. സോവിയറ്റ് റഷ്യ ശിഥിലമാവുകയും സ്ഥിതിസമത്വവും വർഗരഹിത വ്യവസ്ഥയുമൊക്കെ കേവലം ദിവാസ്വപ്നങ്ങളാണെന്ന് ബോധ്യപ്പെടുകയും ചെയ്തതോടെ ലോകമെങ്ങും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ വാടിക്കൊഴിഞ്ഞു വീണുകൊണ്ടിരുന്നപ്പോഴും ഇന്ത്യയിലെ പ്രമുഖ കമ്യൂണിസ്റ്റ് പാർട്ടികൾ വലിയ ക്ഷതമേൽക്കാതെ പിടിച്ചുനിന്നത് സാമ്രാജ്യത്വത്തിനും കുത്തക മുതലാളിത്തത്തിനും എതിരെ അത് നയിച്ചുകൊണ്ടിരുന്ന സമരത്തിന്റെ പേരിലായിരുന്നു. പക്ഷേ അവസരം കിട്ടുമ്പോഴൊക്കെ സാമ്രാജ്യത്വത്തോടും കുത്തകകളോടും സന്ധിയാവാനാണ് കഴിഞ്ഞ ദശകം മുതൽ സി.പി.എം പരോക്ഷമായി ശ്രമിച്ചുവരുന്നത്. അതിന്റെ ആദ്യ അടയാളങ്ങളിലൊന്നാണ് 1997ൽ ഇടതു ഗവൺമെന്റ് എസ്.എൻ.സി ലാവലിനുമായി ഉണ്ടാക്കിയ കരാറ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ എ.ഡി.ബി ഇടപാടും പശ്ചിമബംഗാളിലെ നന്ദിഗ്രാമും സിംഗൂരുമെല്ലാം അതിന്റെ തുടർച്ചകളാണ്.

കേരളത്തിന്റെ വൈദ്യുതോൽപാദനം വർധിപ്പിക്കാൻ അനിവാര്യമായി സ്വീകരിക്കേണ്ട നടപടിയായിരുന്നില്ല ലാവലിൻ ഇടപാട്. സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങൾ പരിഷ്കരിക്കാൻ വിദേശകമ്പനികളുടെ സഹായം ആവശ്യമില്ലെന്നും ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ ആ സംരംഭം ഏറ്റെടുത്തു നടത്താൻ പര്യാപ്തമാണെന്നും ഇടതുപക്ഷ ഗവൺമെന്റ് നിയോഗിച്ച ബാലാനന്ദൻ കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. അന്ന് സി.പി.എം നേതാവും പോളിറ്റ് ബ്യൂറോ അംഗവുമായിരുന്ന ബാലാനന്ദൻ, തന്റെ റിപ്പോർട്ട് സമർപ്പിച്ചത് മന്ത്രിയായിരുന്ന പിണറായി വിജയനാണ്. ഈ റിപ്പോർട്ട് ചവറ്റുകുട്ടയിലെറിഞ്ഞാണ്, ദേശീയ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപിനും വികസനത്തിനും ഘോര ഘോരം ഗർജിക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് 35 രാഷ്ട്രങ്ങളിൽ പടർന്നു കിടക്കുന്ന ബഹുരാഷ്ട്ര കമ്പനിയായ ലാവലിന് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള കരാർ, ടെണ്ടർ വിളിക്കുക പോലും ചെയ്യാതെ ഏൽപിച്ചുകൊടുത്തത്. യഥാർഥത്തിൽ പാർട്ടി നേതൃത്വം ഏറ്റം ഗുരുതരമായി കാണേണ്ടിയിരുന്ന ഗുരുതരമായ തെറ്റായിരുന്നു അടിസ്ഥാനപരമായ ഈ പ്രത്യയശാസ്ത്ര വ്യതിയാനം. പക്ഷേ, അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന അച്യുതാനന്ദനോ പി.ബിയോ സി.സിയോ ഒന്നും ഇടപെട്ടില്ല. ലാവലിൻ ഇടപാടിൽ നടന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചേ ഇപ്പോഴും സിദ്ധാന്ത ശാഠ്യക്കാരനായി അറിയപ്പെടുന്ന അച്യുതാനന്ദൻ പോലും അന്വേഷിക്കുന്നുള്ളൂ.

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ എതിരാളികൾ പോലും വിശ്വസിച്ചിരുന്ന ഒരു കാര്യമുണ്ട്: താഴേ തട്ടിൽ കുറച്ചു ഗുണ്ടായിസമുണ്ടെങ്കിലും മുകൾതട്ടുകളിൽ മറ്റേതൊരു പാർട്ടിയേക്കാളും ത്യാഗബുദ്ധിയും മൂല്യബോധവും ധാർമിക പ്രതിബദ്ധതയുമുള്ളതാണ് കമ്യൂണിസ്റ്റ് പാർട്ടികൾ. അധികാരം കിട്ടിയാൽ അവർ മനഃപൂർവം അഴിമതി നടത്തില്ല. അഥവാ നടത്തിയാൽ പാർട്ടി കർശനമായ നടപടിയെടുക്കും. ലാവലിൻ കേസിൽ പ്രതിയെ വിചാരണ ചെയ്യാതെ രക്ഷിക്കുകയും സാക്ഷിയെ ശിക്ഷിക്കുകയും ചെയ്തുകൊണ്ട് പാർട്ടിയെക്കുറിച്ചുണ്ടായിരുന്ന ആ വിശ്വാസങ്ങളെല്ലാം അന്ധവിശ്വാസങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് തെളിയിക്കുകയാണിപ്പോൾ സി.പി.എം ചെയ്തിരിക്കുന്നത്. ■